# ‘നാളയെക്കുറിച്ച് വിചാരപ്പെടരുത’

## സദൃശ്യവാക്യങ്ങൾ 27:1

“നാളത്തെ ദിവസംചൊല്ലി പ്രശംസിക്കരുതു; ഒരുദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്നു അറിയുന്നില്ലല്ലോ.”

മനുഷ്യൻ എത്ര നിസ്സാരനാണെന്ന് കാണിച്ചു തരുന്ന ഒരു വചനഭാഗമാണിത്. നാളത്തെ ദിവസത്തെ ചൊല്ലി പ്രശംസിക്കരുത് എന്നു ആദ്യം പറയുമ്പോൾ ഒരു പക്ഷെ നാം ചിന്തിച്ചേക്കാം, ഇന്നത്തെ ദിവസം നമുക്കുള്ളതാണെന്ന്. എന്നാൽ ഈ വാക്യത്തിന്റെ രണ്ടാം ഭാഗം അതും നമ്മെ കാണിച്ചു തരുന്നു. ഇന്ന് നാം ആയിരിക്കുന്ന ഈ ദിവസത്തിൽ അല്ലെങ്കിൽ അടുത്ത നിമിഷം എന്ത് എന്ന് അറിയാതെയാണ് മനുഷ്യജന്മം മുന്നോട്ടു പോകുന്നത്. പക്ഷെ മനുഷ്യൻ അതു തിരിച്ചറിയുന്നില്ല എന്നു മാത്രമല്ല, തിരിച്ചറിയുവാനുള്ള എല്ലാ വസ്തുതകളും മുന്നിലുണ്ടായിട്ടും അതിന്നു മുതിരുന്നില്ല. വേദപുസ്തകത്തിലുടനീളം നോക്കിയാൽ ദൈവം പല ആവർത്തി പറഞ്ഞുവെച്ചിട്ടുള്ള ഒരു കാര്യമാണ് നാളെയെക്കുറിച്ച് പ്രശംസിക്കരുത്, വിചാരപ്പെടരുത് എന്നൊക്കെ. അതിൽ നമുക്ക് ആദ്യം ഓർമ്മ വരുന്നത് പഴയ നിയമത്തിൽ യിസ്രായേൽമക്കൾ വിശന്നു വലഞ്ഞ് മോശയോടും അഹരോനോടും മറുതലിച്ചപ്പോൾ ദൈവം അവർക്കു മന്ന കൊടുത്ത് അനുഗ്രഹിക്കുന്നു. എന്നാൽ അവിടെ അവർക്കുണ്ടായിരുന്ന നിർദ്ദേശം എന്നു പറയുന്നത്, അതതു ദിവസത്തേക്കുള്ളതു പെറുക്കുക എന്നതാണ്. അതിന്റെ മുന്നോട്ടുള്ള വചനഭാഗങ്ങൾ വായിക്കുമ്പോൾ ആ നിർദ്ദേശം ലംഘിച്ച് നാളത്തേക്കു കൂടി പെറുക്കിയവർക്കുണ്ടായ അനുഭവമെല്ലാം നാം കാണുന്നുണ്ട്.

പ്രിയരേ, ഇതിൽ നിന്നു നമുക്ക് എന്ത് മനസ്സിലാക്കാം? നാം ദൈവത്തിന്റെ സന്നിധിയിൽ എത്ര നിസ്സാരന്മാരാണ്. ഇന്ന് നാം ആയിരിക്കുന്നത് ദൈവകൃപയാലാണ് എന്നു കരുതുന്നതാണ് ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഏറ്റം പുകഴുവാനുള്ള കാര്യം. വചനം ഇപ്രകാരം പറയുന്നു, “ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ; നാളത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളതു? അൽപനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ. കർത്താവിന്നു ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടതു. നിങ്ങളോ വമ്പു പറഞ്ഞു പ്രശംസിക്കുന്നു; ഈ വക പ്രശംസ എല്ലാം ദോഷം ആകുന്നു.” (യക്കോബ് 4:13–16). നമ്മുടെ പ്രശംസ ദൈവത്തിൽ ആയിരിക്കണം,

അതു അവൻ അതതു ദിവസത്തിൽ നമ്മെ പരിപാലിക്കുന്നതിനെ ചൊല്ലിയാകണം. കാരണം അവൻ കരുതുന്നുതാകയാൽ ഇന്നു ഞാനും നിങ്ങളും നിലംപരിചാകാതെ ഈ ഭൂമിയുടെ പരപ്പിൽ നിലനിൽക്കുന്നു.

ഇന്നു നമ്മുടെ കണ്മുമ്പിൽ കാണുന്നതും നാം അനുഭവിക്കുന്നതുമായ നന്മകൾ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളാതെ അടുത്ത നിമിഷത്തെയും നാളെയെയും ചൊല്ലി നാം ആകുലരാകുന്നതും പരിഭ്രമത്തിൽ ആയിത്തീരുന്നതും വ്യർത്ഥമാണ്. അതു ഒരു ദൈവപൈതലിന്നു ചേർന്നതല്ല. വചനം നമ്മെ ഓർമ്മിപ്പിക്കുന്നു, "വിചാരപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരുമുഴം കൂട്ടുവാൻ ആർക്കു കഴിയും?" (മത്തായി 6:27). നാം നമ്മെ തന്നെ ദൈവത്തിന്നു സമർപ്പിക്കുമെങ്കിൽ അവൻ നമ്മെ സകല ആകുലതകളിൽ നിന്നും വിടുവിപ്പാൻ മതിയായവനാണ്. അവൻ ഒരിക്കലും തന്റെ മക്കൾക്ക്, അവരുടെ ജീവിതത്തിന്റെ എല്ലാ വഴികളെയും ഒരേ സമയം തുറന്നിട്ട് ആശയക്കുഴപ്പത്തിലാക്കുവാൻ ആഗ്രഹിക്കുന്ന ഒരു പിതാവല്ല. നമുക്ക് വേണ്ടുന്നതായ വഴികളെ നമ്മുടെ മുമ്പിൽ തുറന്ന് നമ്മെ അതിലൂടെ കൈപിടിച്ചു നടത്തുന്ന സ്നേഹവാനായ ദൈവമാണ്. അങ്ങിനെയെങ്കിൽ നാം ചെയ്യേണ്ടതിത്രമാത്രം, നമ്മുടെ ജീവിതത്തിന്റെ ആദ്യമോടന്തം അറിയാവുന്നവനായ സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മെ ഏൽപ്പിച്ചു കൊടുക്കുക. ഇന്നു നാം ആയിരിക്കുന്നത് അവന്റെ കൃപയാലാണെന്നുള്ള വാസ്തവം മറന്നു പോകാതെ പൂർണ്ണമായും അവന്റെ ആശ്രയത്തിൻ കീഴിലായിരിക്കാം. അവൻ നമ്മെ നയിക്കുക തന്നെ ചെയ്യും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :
മത്തായി 6:33-34

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന്നു അന്നന്നത്തെ ദോഷം മതി.

ബ്രദർ. ബിനു ബേബി ആലപ്പുഴ 125